ലേഖനം

വി.എ കബീർ

# ബേനസീറിന്റെ തിരിച്ചുവരവും സ്ഫോടനങ്ങളുടെ രാഷ്ട്രീയവും

**‘ലാർകാനയിലെ** സുവർണകുമാരി’ ദുബൈയിൽനിന്ന് കറാച്ചിയിലെത്തിയപ്പോൾ മരണതാണ്ഡവത്തിന്റെ സ്ഫോടനത്തോടെയാണ് വരവേൽക്കപ്പെട്ടത്. ബേനസീറിന്റെ സ്വീകരണാഘോഷങ്ങൾക്കിടയിൽ അവരുടെ വാഹനത്തിന്റെ ഏതാനും വാരകൾക്കകലെ നടന്ന ചാവേർ സ്ഫോടനത്തിൽ 140 ആളുകളുടെ ജീവൻ ചീന്തിയെറിയപ്പെടുകയും 500-ൽപരം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തപ്പോൾ ഒരു പോറലുമേൽക്കാതെ അവർ ജീവൻ നിലനിർത്തിയത് ദുരൂഹ വിസ്മയമായി അവശേഷിക്കുകയാണ്.

അഴിമതിയുടെയും അധികാരദുർവിനിയോഗത്തിന്റെയും പേരിൽ രണ്ടു തവണ ഭരണത്തിൽനിന്ന് നിഷ്കാസിതയായി വിദേശസുഖവാസത്തിലായിരുന്ന ഈ മുൻ പ്രധാനമന്ത്രി ജനാധിപത്യത്തിന്റെ മിശിഹയും ഭീകരവാദത്തിന്റെ ഉന്മൂലകയുമായി സ്വദേശത്തേക്ക് എഴുന്നള്ളിക്കപ്പെട്ടതിന്റെ പിന്നിൽ വാഷിംഗ്ടണിന്റെ എല്ലാ ആശീർവാദങ്ങളുമുണ്ടായിരുന്നു. ഈയിടെ പാക് പ്രതിപക്ഷ പാർട്ടികളുടെ ജനാധിപത്യ പുനഃസ്ഥാപന പ്രസ്ഥാനം ലണ്ടനിൽ യോഗം ചേർന്നപ്പോൾ അതിൽനിന്ന് വിട്ടുനിന്ന ബേനസീർ ദുബൈയിൽ മുശർറഫിന്റെ പ്രതിനിധികളുമായി കൊണ്ടുപിടിച്ച ചർച്ചയിലായിരുന്നു. യു.എസ് പ്രതിനിധി നെക്രാപോണ്ട് ഇസ്ലാമാബാദിൽ മാസങ്ങൾക്കു മുമ്പ് ‘ബുഷർറഫു’മായി നടത്തിയ ചർച്ചകളുടെ തുടർച്ചയായിരുന്നു അത്. മുശർറഫ് പ്രസിഡന്റും ബേനസീർ പ്രധാനമന്ത്രിയുമായി ഭരണത്തിന്റെ കാക്കി പരിവേഷം മാറ്റി ജനാധിപത്യത്തിന്റെ അമേരിക്കൻ മന്ത്രവാദത്തിലൂടെ പാകിസ്താനെ ഭീകരവാദ പ്രേതബാധയിൽനിന്ന് മോചിപ്പിക്കാനുള്ള മറ്റൊരു പരീക്ഷണത്തിന്റെ തുടക്കം. ജീവിതത്തിൽ ഒരിക്കൽ പോലും സ്വദേശത്ത് ഉറച്ചുനിന്ന് പട്ടാള ഭരണകൂടത്തോട് പൊരുതിയ പാരമ്പര്യം ബേനസീറിന് അവകാശപ്പെടാനില്ല. രാഷ്ട്രീയ പ്രതിസന്ധികൾ രൂപപ്പെടുമ്പോഴൊക്കെ ബ്രിട്ടനിലോ ദുബൈയിലോ സ്വാസ്ഥ്യം തേടുകയാണ് അവരുടെ പതിവ്. പ്രസിഡന്റുമാരായ ഇസ്ഹാഖ് ഖാനും ഫാറൂഖ് ലഗാരിയും അഴിമതിയുടെയും അധികാര ദുർവിനിയോഗത്തിന്റെയും പേരിൽ അവരെ അധികാരത്തിൽനിന്ന് പുറംതള്ളിയപ്പോഴും ആ പതിവിന് മാറ്റമുണ്ടായില്ല. സിയാഉൽ ഹഖിന്റെ കാലത്ത് ബേനസീർ ലണ്ടനിലായിരുന്നപ്പോൾ പീപ്പിൾസ് പാർട്ടിയെ നയിച്ചിരുന്ന നേതാവാണ് ഫാറൂഖ് ലഗാരി. ‘മി. ടെൻ പെർസന്റ്’ എന്ന പേരിൽ കുപ്രസിദ്ധനായ ബേനസീറിന്റെ വ്യവസായിയായ ഭർത്താവ് ആസിഫ് സർദാരിയുടെ അഴിമതി എല്ലാ സീമകളും ലംഘിച്ചപ്പോൾ ഗതികെട്ടാണ് ലഗാരി ബേനസീറിനെ അധികാരത്തിൽനിന്ന് നിഷ്കാസനം ചെയ്തത്. ഏതു സംരംഭത്തിനും സർക്കാർ അനുമതി ലഭിക്കണമെങ്കിൽ സർദാരിക്ക് പത്തു ശതമാനം വിഹിതം കൊടുക്കണമെന്നതായിരുന്നു പാകിസ്താനിൽ അക്കാലത്തെ നടപ്പുരീതി. ആ വകയിൽ സമ്പാദിച്ച ഭുട്ടോ കുടുംബത്തിന്റെ ഒന്നര ബില്യൻ ഡോളർ നിക്ഷേപം സർക്കാർ മരവിപ്പിച്ചിരുന്നു. അഴിമതിക്കേസുകൾ പിൻവലിച്ചാൽ ഈ സ്വത്തുവകകൾ തിരിച്ചുകിട്ടും. തിരിച്ചുവരവ് ബേനസീറിന്റെ ആവശ്യമെന്നതിനേക്കാൾ വാഷിംഗ്ടണിന്റെയും മുശർറഫിന്റെയും ആവശ്യമായിരുന്നു. അതുകൊണ്ടാണ് അഴിമതിക്കേസ് പിൻവലിക്കണമെന്ന മുന്നുപാധി അവർ മുന്നോട്ടുവെച്ചത്. ബേനസീറിനെ സംബന്ധിച്ചേടത്തോളം രാഷ്ട്രീയ താൽപര്യത്തേക്കാൾ വ്യക്തിപരമായ താൽപര്യങ്ങളാണ് ഈ ഇടപാടിൽ മുന്തിനിന്നതെന്ന് വ്യക്തം. രാഷ്ട്രീയമായ നേട്ടമൊന്നും ഉണ്ടാക്കാനായില്ലെങ്കിൽതന്നെ ഒന്നര ബില്യൻ ഡോളർ വീണ്ടെടുക്കുക എന്നത് അവരെ സംബന്ധിച്ചേടത്തോളം ചില്ലറ കാര്യമല്ല. രാഷ്ട്രീയ ലാഭങ്ങൾ അതിന്റെ പിന്നാലെ വരുമെന്ന് സ്വന്തം അനുയായികളുടെ മനശ്ശാസ്ത്രം പഠിച്ച അവർക്കറിയാം.

ബേനസീറിന്റെ ഭീകരവാദവിരോധം സീസണൽ മാത്രമാണെന്ന് പീപ്പിൾസ് പാർട്ടിയുടെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. പാക് രാഷ്ട്രീയ

ത്തിൽ തോക്ക് സംസ്കാരവും ബോംബ്സംസ്കാരവും കൊണ്ടുവന്ന അൽതാഫ് ഹുസൈന്റെ മുഹാജിർ ഖൗമീ മൂവ്മെന്റിന്റെ (ഇപ്പോൾ മുത്തഹിദെ ഖൗമീ മൂവ്മെന്റ്; ചീഫ് ജസ്റ്റിസ് ഇഫ്തിഖാർ ചൗധരിയുടെ സ്വീകരണം കലക്കിയ മുശർറഫിന്റെ പങ്കാളി) പിന്തുണയോടെയാണ് ഒരിക്കൽ അവർ അധികാരത്തിൽ വന്നത്. അവർ ഭരിച്ചിരുന്നപ്പോൾ താലിബാനുമായും അലോഹ്യമൊന്നുമുണ്ടായിരുന്നില്ല. കാരണം, അക്കാലത്ത് അഫ്ഗാനിസ്താനിൽ ജനസ്വാധീനമുണ്ടായിരുന്ന ഗുൽബുദ്ദീൻ ഹിക്മതിയാറിന്റെ ഹിസ്ബെ ഇസ്‌ലാമിയെ തഴയാൻ ഇതര ഗ്രൂപ്പുകളെ അധികാരത്തിലെത്തിക്കുക എന്ന യു.എസ് നയത്തെ തന്റെ മുൻഗാമികളെപോലെ അവരും പിന്തുണക്കുകയായിരുന്നു. താലിബാന്റെ പിന്തിരിപ്പൻ വീക്ഷണങ്ങളൊന്നും അവരുടെ പുരോഗമന ചിന്തക്ക് ചതുർഥിയായില്ല. അന്നെന്നപോലെ ഇന്നും യു.എസ് താൽപര്യങ്ങളുടെ കാവലാളായാണ് അവരുടെ എഴുന്നള്ളത്ത്.

ബേനസീറിന്റെ ആഗമനം പാകിസ്താനിൽ ഏറ്റവുമധികം അസ്വസ്ഥമാക്കുക ഭരണകക്ഷിയായ മുസ്‌ലിംലീഗ് (ക്യൂ) വിനെയാണ്. കാരണം ഇപ്പോൾ മുശർറഫിനെ പിന്തുണക്കുന്ന തങ്ങളുടെ പകരക്കാരിയായാണ് അവർ വരുന്നത്. നിർണിതകാലയളവിലെ എല്ലാ അഴിമതിക്കേസുകളും പിൻവലിച്ചുകൊണ്ട് പ്രസിഡന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചതിൽപിന്നെ ബേനസീറിന്റെ തിരിച്ചുവരവ് ഉറപ്പായപ്പോൾ മുതൽ പലതരം കാരണങ്ങൾ പറഞ്ഞ് യാത്ര നീട്ടിവെക്കാൻ സർക്കാർ നിരന്തരം അവരോട് ആവശ്യപ്പെട്ടുവരികയായിരുന്നു. ഈ ആവശ്യം അംഗീകരിക്കുക എന്നാൽ ആവേശഭരിതമായ സ്വന്തം അണികളെ നിരാശപ്പെടുത്തുന്നതിന് തുല്യമാണെന്ന് ബേനസീർ കണക്കുകൂട്ടിയത് സ്വാഭാവികം.

ബേനസീർ പാകിസ്താനിലേക്ക് മടങ്ങും മുമ്പ് തന്റെ ജീവന് ഭീഷണിയുള്ളതായി പ്രസ്താവിച്ചിരുന്നു; പിന്നീട് നിഷേധിക്കപ്പെടുകയുണ്ടായെങ്കിലും. താലിബാൻ നേതാവ് ബൈതുല്ലാ മഹ്സൂദ് വധഭീഷണി മുഴക്കിയതായും റിപ്പോർട്ടുണ്ടായിരുന്നു. ബൈതുല്ലാ മഹ്സൂദ് ചതുരംഗപ്പലകയിലെ കരു മാത്രമാണെന്നും ഭീഷണിയുടെ യഥാർഥ ഉറവിടം ഭരണകൂടമാണെന്നുമായിരുന്നു ബേനസീറിന്റെ പ്രതികരണം. മറുവശത്ത് ഭീഷണിയെ സംബന്ധിച്ച് അന്വേഷണത്തിനു ഒരുങ്ങാതെ അവരുടെ യാത്ര നീട്ടിവെക്കാൻ ആവശ്യപ്പെടുകയായിരുന്നു സർക്കാർ. ഒടുവിൽ ആശങ്കിച്ചപോലെ സ്വീകരണ ഘോഷയാത്രക്കിടയിൽ ബോംബ് സ്ഫോടനമുണ്ടാവുകയും ചെയ്തു. സ്ഫോടനത്തിന്റെ ഉത്തരവാദിത്വം താലിബാൻ വൃത്തങ്ങൾ നിഷേധിക്കുകയാണുണ്ടായത്. ബേനസീറിന്റെ വാഹനത്തിന് മുമ്പിലും പിമ്പിലുമായി സെക്യൂരിറ്റി വാഹനങ്ങളുണ്ടാകുമെന്നും പിന്നിലെ വാഹനത്തിൽ മൊബൈൽ ജാമർ ഘടിപ്പിക്കുമെന്നും പറഞ്ഞിരുന്നു. റിമോട്ട് കൺട്രോൾ വഴിയുള്ള ബോംബ്സ്ഫോടനം തടയുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. എന്നാൽ പ്രകടനത്തിനിടയിൽ പി.പി.പി നേതാക്കളും മീഡിയ പ്രവർത്തകരും മൊബൈൽ ഫോൺ ഉപയോഗിച്ചിരുന്നതിൽനിന്ന് മനസ്സിലാവുന്നത് ജാമർ പ്രവർത്തിച്ചിരുന്നില്ലെന്നാണ്. ബേനസീറിന്റെയും സെക്യൂരിറ്റിയുടെയും വാഹനങ്ങൾക്കിടയിൽ പ്രകടനം തുടങ്ങിയപ്പോൾ മറ്റൊരു വാഹനവും പ്രവേശിച്ചിരുന്നില്ല. അപ്പോൾ പ്രകടനത്തിനിടെ നമ്പർ പ്ലേറ്റില്ലാതെ കാണപ്പെട്ട വാഹനം ആരുടേതാണെന്നത് ദുരൂഹമായി അവശേഷിക്കുകയാണ്. സ്ഫോടനം നടക്കുന്നതിന് തൊട്ട് മുമ്പ് തെരുവ് വിളക്കുകൾ കെട്ടതും തുറന്ന വാഹനത്തിൽനിന്ന് ബേനസീർ ഉൾവലിഞ്ഞതും സംശയങ്ങൾ വർധിപ്പിക്കുന്നു.

സ്ഫോടനത്തിന്റെ ഉത്തരവാദിത്വം അൽഖാഇദയുടെയോ താലിബാന്റെയോ മേൽ ആരോപിക്കാൻ ബേനസീർ മുതിർന്നില്ലെന്നത് ശ്രദ്ധേയമാണ്. ജിയോ ടി.വിക്ക് നൽകിയ അഭിമുഖത്തിൽ അവരുടെ ഭർത്താവ് ആസിഫ് സർദാരിയും ചോദിച്ചത് താലിബാൻ എന്തിന് തങ്ങളെ ആക്രമിക്കണമെന്നാണ്? ഇന്റലിജൻസ് ബ്യൂറോ ചീഫ് ബ്രിഗേഡിയർ (റിട്ട.) ഇഅ്ജാസ് ഷാ, പഞ്ചാബ് മുഖ്യമന്ത്രി പർവേസ് ഇലാഹി, സിന്ധ് മുഖ്യമന്ത്രി അർബാബു ഗുലാം റഹീം എന്നിവരിലാണ് ബേനസീർ സ്ഫോടനത്തിന്റെ കുറ്റം ചുമത്തിയിട്ടുള്ളത്. പർവേസ് ഇലാഹി ഭരണകക്ഷി നേതാവ് ശുജാഅത്ത് ഹുസൈന്റെ ബന്ധുവാണെന്ന് പറയപ്പെടുന്നു. ഗവൺമെന്റ് ബേനസീറിന്റെ ആരോപണങ്ങൾ തള്ളിക്കളഞ്ഞിട്ടുണ്ട്. ഏതായാലും ബേനസീർ-മുശർറഫ് അവിശുദ്ധ കൂട്ടുകെട്ടിൽനിന്ന് ശ്രദ്ധതിരിക്കാൻ സ്ഫോടനം സഹായകമായിരിക്കുകയാണിപ്പോൾ. ഈ സഹതാപതരംഗം നിക്ഷേപമാക്കി തന്റെ രാഷ്ട്രീയ മൈലേജ് വർധിപ്പിക്കാനായിരിക്കും ഇനി ബേനസീറിന്റെ ശ്രമം. സ്ഫോടനം സ്റ്റേജ് നാടകമാണോ, അതിന്റെ പിന്നിലെ കരങ്ങൾ ആരുടേതാണ് എന്നൊക്കെ തെളിയാൻ കാലമെടുക്കും. മുൻകൂട്ടി തയാറാക്കിയ ഒരു തിരക്കഥയുടെ ഒന്നാം അങ്കമാണ് ഇപ്പോൾ ആടിക്കഴിഞ്ഞതെന്നാണ് സാഹചര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ■